# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211 — 27.01.2014-ൽ മറുപടിക്ക്

## സമഗ്ര ജീവിത ശൈലി രോഗനിയന്ത്രണ ബോധന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>,, ആർ. സെൽവരാജ് :<br>,, പാലോട് രവി :<br>,, റ്റി. എൻ. പ്രതാപൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര ജീവിതശൈലി രോഗനിയന്ത്രണ ബോധന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രിസഭയുടെ 2-ാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച 7 ഇന പരിപാടിയിൽ ഉൾപ്പെടുത്തിയ ബൃഹത് പദ്ധതി യാണ് വിദ്യാർത്ഥികൾക്ക് ജീവിതശൈലീ രോഗ ബോധവൽക്കരണവും, പരിശോധനയും ഉൾക്കൊള്ളുന്ന സമഗ്ര ജീവിതശൈലി രോഗ നിയന്ത്രണ ബോധന പദ്ധതി (LEAP). |
| (ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) ഈ പദ്ധതിയിലൂടെ 7 പ്രധാനപ്പെട്ട ലക്ഷ്യങ്ങളാണ് മുന്നോട്ട് വെച്ചിരിക്കുന്നത്.<br><br>1. ചിട്ടയായ വ്യായാമം, ആരോഗ്യകരമായ ആഹാര ക്രമം എന്നിവയിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ ക്ലാസ്സുകൾ, വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നാടകം, പോസ്റ്റർ പ്രദർശനം, ഹെൽത്ത് മേളകൾ, വിദ്യാലയങ്ങളിലെ ഹെൽത്ത് ക്ലബ്ബുകൾ തുടങ്ങിയവയിലൂടെ ആരോഗ്യകരമായ ആഹാര ശീലങ്ങളുടെ ആവശ്യകത, വ്യായാമം എന്നിവയെക്കുറിച്ചും മദ്യം, മയക്കമരുന്ന്, പുകവലി തുടങ്ങിയ ശീലങ്ങൾ ഉപേക്ഷിക്കുന്നതിനും അവബോധം നൽകി വരുന്നു.<br>2. വിദ്യാലയങ്ങളിൽ വ്യായാമങ്ങൾക്ക് സൗകര്യമൊരുക്കുക.<br>3. വിദ്യാലയങ്ങളിലേയ്ക്കും തിരിച്ചും കാൽനടയും, സൈക്കിൾ യാത്രയും പ്രോത്സാഹിപ്പിക്കുക.<br>4. പച്ചക്കറിത്തോട്ട നിർമ്മാണം, ആരോഗ്യകരമായ ഭക്ഷണം ഉണ്ടാക്കുന്ന രീതി എന്നിവയിൽ പരിശീലനം. |

(....2)

5. യോഗ, കായികാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക.
6. ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ.
7. ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി വിദ്യാർത്ഥികളിൽ ബോധവൽക്കരണ സന്ദേശങ്ങൾ.

| | |
|---|---|
| (സി) എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കാമോ ; | (സി) ആരോഗ്യ പ്രവർത്തകർ, മെഡിക്കൽ ഓഫീസർ, ഡയറ്റീഷൻ എന്നിവ മുഖാന്തിരം വിദ്യാലയങ്ങളിൽ സ്ഥിരമായി ബോധവൽക്കരണ ക്ലാസ്സുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. ആരോഗ്യകരമായ ആഹാര ശീലങ്ങളുടെ ആവശ്യകത, വ്യായാമം, മദ്യത്തിനും പുകയിലക്കുമെതിരെയുള്ള സംരംഭം എന്നിവയ്ക്ക് സ്കൂളുകളിൽ ഊന്നൽ നൽകും. |
| (ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) സംസ്ഥാന ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം, സ്കൂൾ ഹെൽത്ത് പ്രോഗ്രാം എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസ വകുപ്പിൽ നിന്നും സാങ്കേതിക സഹായം ഈ പദ്ധതിക്കായി ലഭിക്കുന്നു. കേന്ദ്രസഹായം ഒന്നും തന്നെ ഈ പദ്ധതിക്കായി ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ